നേർകാഴ്ച News @ Real Perspective

NCLEX-RN REVIEW
CONTACT 713-269-1583 713-557-4687 / 281-818-9344
Email. info@excelnclex.com
zoom CLASSES AVAILABLE STUDENT ACCOMMADATION AVAILABLE

അവാർഡുകളിലെ ദുരന്ത കഥാപാത്രങ്ങൾ (കാരൂർ സോമൻ, ചാരുംമൂട്)

Helping to Achieve your Goals
SHIJU ABRAHAM FINANCIAL SERVICES
www.shijufinancial.com
(972) 455-4371 sabraham@financialguide.com

By Editor Nerkazhcha October 23, 2023 150 0

Share

AUTO INSURANCE
HOME INSURANCE
FLOOD INSURANCE
LIFE INSURANCE
COMMERCIAL INSURANCE
PRENEED FUNERAL INSURANCE
HEALTH INSURANCE
MEDICARE ENROLLMENT
RVS INSURANCE GROUP
www.rvsinsgroup.com www.rajeshvarghese.com www.rvsinsurancegroup.com
Rajesh S.Varghese, MAFM, MBA Agency Owner/Agent
Call 832-273-0361
1801 COUNTRY PL PKWY, STE 111, PEARLAND, TX 77584
Phone: 832 243 4430 email: info@rvsinsgroup.com

ബുദ്ധിജീവികളുടെ മേൽ ആരോപണങ്ങൾ ചൊരിയുമ്പോൾ ആധുനിക കാലത്ത് നടക്കുന്ന കലാസാഹിത്യപുരസ്കാരങ്ങൾ ക്ഷുഭിതകാലത്തിന്റെ ദുരന്ത നാടകകാവ്യ ങ്ങളായി പ്രത്യക്ഷപ്പെടുന്നു. ശ്രീകുമാരൻതമ്പിയുടെ ആത്മകഥയായ 'ജീവിതം ഒരു പെൻ ഡുല'ത്തിനാണ് 47-ാമത് വയലാർ പുരസ്കാരം ലഭിച്ചത്. അദ്ദേഹത്തിന്റ അനുഭവ സാക്ഷ്യങ്ങൾ സാഹിത്യത്തെ ഗൗരവപൂർവ്വം നിരീക്ഷിക്കുന്ന ആർക്കും തള്ളിക്കളയാൻ സാധ്യമല്ല. വയലാർ അവാർഡ് വാങ്ങാൻ യോഗ്യതയുള്ള ഒരു വ്യക്തിയെ നീണ്ട വർഷങ്ങൾ അവഗണിച്ചത് ആരുടെയും ആത്മാവിൽ നീറിപിടിക്കുന്ന കെട്ടടങ്ങാത്ത അമർഷമാണ്. മലയാളത്തെ സമ്പന്നമാക്കിയ എത്രയോ എഴുത്തുകാർ ഇത്തരത്തിൽ തള്ളപ്പെടുകയോ അവഗണിക്കയോ ചെയ്യുന്നു.

അവാർഡ് നിർണ്ണയങ്ങളിൽ നടക്കുന്ന ദയനീയാവസ്ഥ അല്ലെങ്കിൽ ദുരാനുഭവം സമുജ്ജ്വലമാകുംവിധം ജനകീയ കോടതിയിൽ അദ്ദേഹം തുറന്നുപറഞ്ഞു. യഥാർത്ഥ അവാർഡ് നൽകാതിരുന്നത് മനഃപൂർവ്വമെന്ന് പറയുമ്പോൾ ഈ കൂട്ടർ സമൂഹത്തോട് ഇത്രമാത്രം നിരുത്തരവാദപരമായിട്ടാണോ ഇടപെടുന്നത്? വെറുതെ സർക്കാരിനെ കുറ്റപ്പെടുത്തിയിട്ട് കാര്യമില്ല. അവർ എന്ത് പിഴച്ചു? ഈ പുരസ്കാര സമിതി എന്നത് മഹത്തായ ബുദ്ധിജീവികളുടെ ഒരു കൂട്ടമാണ്. അവിടെ കപടബുദ്ധിജീവികൾ കടന്നുകൂടി സ്വാർത്ഥതയും സ്വാധീനവും ചെലുത്തി വയലാർ എന്ന വിപ്ലവകവിയുടെ മഹത്വം മറക്കുന്നുണ്ടോ?

ഇന്നുള്ള ജൂറി അംഗങ്ങളെ പരിഹാസത്തിന്റെ തീഷ്ണതയിലേക്ക് തള്ളിയിടാതെ ഇതിന്റെ പിന്നിൽ പ്രവർത്തിച്ച ദേവന്മാരെയും അസുരന്മാരെയും തുറന്നുകാട്ടാൻ തമ്പി സാർ തയ്യാറാകണം. അങ്ങനെയുണ്ടായാൽ ഇന്ന് നടക്കുന്ന ജീർണ്ണതകളെ അപഗ്രഥനം ചെയ്യാൻ സാധിക്കും. യോഗ്യതയുള്ള പല എഴുത്തുകാരും സംഘടിത ശക്തിയ ല്ലാത്തതിനാൽ തന്ത്രപൂർവ്വം അവർ ആട്ടിയകറ്റപ്പെടുന്നു. ഈ നിസ്സഹായവസ്ഥ അവരുടെ അക്ഷരങ്ങളിൽ ഉറഞ്ഞുകിടക്കുന്നു. കുറുക്കുവഴിയിലൂടെ കണ്ടെത്തുന്ന പുരസ്കാര മാമാങ്കം സർഗാത്മക പാരമ്പര്യത്തെ തകർക്കുന്നതിന് തുല്യമാണ്. തമ്പി സാറിന്റെ തുറന്നു പറച്ചിലിലൂടെ സാഹിത്യരംഗത്തെ ഇരുണ്ട കാർമേഘങ്ങൾ പെയ്തൊഴിയുമോ?

മനുഷ്യർ സാംസ്കാരിക രംഗത്ത് വലിയ കാൽവെപ്പുകളൊടെ മുന്നേറുമ്പോൾ യോഗ്യരായ എഴുത്തുകാർക്ക് പുരസ്ക്കാരങ്ങൾ കൊടുക്കുന്നതിൽ നിർണ്ണായകമായ പങ്ക് വഹിക്കുന്നവരാണ് ജൂറി അംഗങ്ങൾ. ഈ രംഗത്ത് വല്ലാത്തൊരു വൈകാരിക പ്രതിസന്ധി നിലനിൽക്കുന്നുണ്ട്. പുരസ്കാരങ്ങൾ കൊടുക്കുന്നത് ആസൂത്രിതമായിട്ടാണോ? സമൂഹത്തെ പുനരുദ്ധരിക്കുന്നവർ ഇതിന് ഉത്തരം കണ്ടെത്തണം. ഒരു മഹാകവിയാണ് ശ്രീകുമാരൻ തമ്പിക്ക് പുരസ്കാരം കൊടുക്കുന്നതിൽ തടസ്സമായി നിന്നുവെങ്കിൽ ആ മഹാകവിയുടെ പേര് പറയാൻ തമ്പി സാർ ബാധ്യസ്ഥനാണ്.

ഉള്ളിലൊന്ന്, നാക്കിലൊന്ന്, കയ്യിലൊന്ന് ആ വിധം പോകരുത്. അങ്ങയുടെ ശിരസ്സിൽ തലോടികൊണ്ട് ആരാണ് കാലത്തി നൊത്ത കോലം കെട്ടിയത്? എന്തായാലും കാലവും കഴിഞ്ഞ് കോഴി കൂവിക്കഴിഞ്ഞപ്പോൾ കുപ്പയിൽ കിടന്നാലും മാണിക്യത്തിന്റെ വില കുറയില്ലെന്ന് ജൂറിക്ക് തോന്നി. സാഹിത്യരംഗത്ത് പ്രമുഖർ നടത്തുന്ന സ്വാർത്ഥ ഇടപെടലുകൾ, പരസ്പരമുള്ള പുരസ്കാര വീതംവെക്കൽ പദ്ധതി അപഗ്രഥനം ചെയ്യണം. തമ്പി സാറിനെ വളർത്തിയത് ശത്രുക്കൾ എന്ന് പറയുമ്പോൾ എന്നെ വളർത്തിയ സോഷ്യൽ മീഡിയ ശത്രുക്കളെ ഓർക്കുന്നു.

സാഹിത്യസാംസ്കാരിക രംഗങ്ങളിൽ വേണ്ടത്ര സംഭാവനകൾ നൽകാത്തവർക്ക് പുരസ്കാരങ്ങൾ കൊടുത്തുകൊണ്ട് പെരുമ്പറയടിച്ച് മാധ്യമങ്ങളിൽ കൊട്ടിഘോഷിക്ക ന്നത് കാണാറുണ്ട്. മൂവ്വായിരത്തിലധികം ചലച്ചിത്ര ഗാനങ്ങൾ, കവിതകൾ, 78 തിരക്കഥകൾ, 30 സിനിമകൾ സംവിധാനം ചെയ്യുക, പല ചിത്രങ്ങളുടെ നിർമ്മാതാവ് തുടങ്ങി ചലച്ചിത്ര രംഗത്ത് നൽകിയിട്ടുള്ള സംഭാവനകൾ നിസ്സാരമല്ല. ചിലരുടെ സ്വാർത്ഥ താൽപര്യ ങ്ങൾക്കായി യോഗ്യർ അയോഗ്യരാകുന്നു. കായിക താരങ്ങളെ നാട്ടിൽ നിന്ന് ഓടിക്കരു തെന്ന് കോടതി പറയുമ്പോൾ യോഗ്യരായ എഴുത്തുകാർ എവിടെപോയിയൊളിക്കും? ഇന്നത്തെ സാഹിത്യ സാംസ്കാരിക രംഗങ്ങളിൽ അടിയന്തിര ഇടപെടൽ ആവശ്യമാണ്.

പൂച്ച കണ്ണടച്ചു പാൽ കുടിച്ചാൽ ആളുകൾ കാണാതിരിക്കുമോ? ഈ രംഗത്ത് നടക്കുന്ന ഇത്തരം അനീതികളുടെ പൊരുൾ പല എഴുത്തുകാരും മനസ്സിലാക്കിയിട്ടുണ്ട്. യോഗ്യത യുള്ളവരെ അവഗണിക്കുക മാത്രമല്ല അയോഗ്യരെ യോഗ്യരാക്കുകയും ചെയ്യുന്നു. കർക്കശമായ വിധിനിർണ്ണയം നടത്താത്തവരാണ് ഭാഷയെ ഇത്തരത്തിൽ ഒറ്റികൊടുക്ക ന്നത്. പ്രമുഖ പ്രവാസി എഴുത്തുകാരും ഇവരുടെ ഇരകളാണ്. ഇന്ന് നടന്നുകൊണ്ടിരിക്കുന്ന ദുരന്തത്തിൽ നിന്ന് കരകയറാൻ ധാർമ്മികമായ ഒരു കാഴ്ചപ്പാട് ഈ രംഗത്തുള്ള വർക്കുണ്ടാകുമോ?

ലോകസാഹിത്യത്തിൽ ബൂർഷ്വാ സർവ്വാധിപത്യം തുടച്ചു നീക്കപ്പെട്ടത് സാമൂഹ്യ പരിഷ്കർത്താക്കൾ മാത്രമല്ല അതിന്റെ മരണക്രിയയിൽ സാഹിത്യകാരന്മാർ, കവികൾ, കലാകാരൻമാർ, എഴുത്തുകാരുടെ വലിയൊരു പങ്കുണ്ട്. അവർ എന്തിനും വഴങ്ങി ക്കൊടുക്കുന്നവരല്ല. അവരുടെ നിരന്തരമായ ശബ്ദവും എഴുത്തുമാണ് മനുഷ്യരെ പരമ്പരാഗത ചിന്തകളിൽ നിന്ന് ആധുനിക ചിന്താധാരയിലേക്ക് വഴിനടത്തുന്നത്.

ഇതിന്റെ അവസാനത്തെ ഉദാഹരണമാണ് 2023 ൽ സാഹിത്യത്തിലെ പരമോന്നത പുരസ്കാരം നേടിയ നൊബേൽ പുരസ്കാര ജേതാവ് നോർവീജിയൻ സാഹിത്യകാരൻ, കവികൂടിയായ യോൻ ഫോസെ. എന്തിനാണ് അദ്ദേഹത്തിന് ഈ പുരസ്കാരം കൊടുത്തത്? വിധികർത്താക്കൾ കണ്ടെത്തിയ ഉത്തരം. 'നിശബ്ദരാക്കപ്പെട്ടവരുടെ ശബ്ദമായിരുന്നു ഈ സാഹിത്യകാരൻ'. സാഹിത്യത്തിന്റെ അടിസ്ഥാന ശിലയിൽ നിന്ന് നോക്കിയാൽ നമ്മുടെ എത്ര എഴുത്തുകാർ ഇത്തരത്തിൽ പുരസ്കാരങ്ങൾ വാങ്ങിയിട്ടുണ്ട്?

ഒരു എഴുത്തുകാരന് പുരസ്കാരം കൊടുക്കുക ആ വ്യക്തിയുടെ കലാസാഹിത്യ സംഭാവനകൾ നോക്കിയാണ്. കേരളത്തിൽ ഇതെല്ലം കാറ്റിൽ പരത്തുന്നു. ഫോസെയുടെ സാഹിത്യസംഭാവനകൾ ഒരു കഥയിലോ നോവലിലോ ചുരുങ്ങിയതല്ല. സാഹിത്യത്തിലെ ബഹുമുഖ പ്രതിഭയാണ്. നാടകങ്ങൾ, നോവലുകൾ, കവിതകൾ, കഥകൾ, ബാലസാഹിത്യ കൃതികൾ, ലേഖനങ്ങൾ മാത്രമല്ല സമൂഹത്തിൽ നടന്നുകൊണ്ടിരുന്ന ഭരണ നാട്ടുവാഴിത്വ കപടസദാചാരബോധത്തെയും, അഴിമതികളടക്കം പത്രതാളുകളിൽ അദ്ദേഹം എഴുതിക്കൊണ്ടിരുന്നു. അങ്ങനെയാണ് അദ്ദേഹം സമൂഹത്തിന്റെ ആദരവ് നേടിയത്. ഇതുപോലെയായിരുന്നു ടോൾസ്റ്റോയ്, പുഷ്കിൻ, തുർഗനേവ്, മാക്സിം ഗോർക്കി തുടങ്ങി യവരുടെ പുസ്തകങ്ങൾ വായിച്ചു വളർന്ന വിപ്ലവകാരി റഷ്യയുടെ പിതാവായ ലെനിൻ.

പാവങ്ങളെ അടിമകളെപ്പോലെ പണിയെടുപ്പിച്ച സർ ചക്രവർത്തിക്കെതിരെ ലെനിൻ ലഘുലേഖകൾ മാത്രമല്ല ഇറക്കിയത് ബോൾഷെവിക്കുടെ ദിനപത്രമായ 'പ്രവ്ദ' ൽ അനീതിക്കെതിരെ എഴുതിക്കൊണ്ടിരുന്നു. സമൂഹത്തിന്റെ നന്മകൾ ആഗ്രഹിക്കുന്ന സാമൂഹ്യ സേവകരും എഴുത്തുകാരും സ്വേച്ഛാധിപതികൾക്കെതിരെ, അഴിമതിക്കാർക്കെ തിരെ പോരടിക്കുക മാത്രമല്ല അവർ അനുഭവിച്ച ദുരിതങ്ങൾ ധാരാളമാണ്. ജയിൽ വാസം മാത്രമല്ല നാടുകടത്തപ്പെടുകയും ചെയ്തു. മനുഷ്യരുടെ അവകാശങ്ങൾക്കായി പോരാടിയ എഴുത്തുകാർ, പരിഷ്കർത്താക്കൾ ആദർശനിഷ്ഠമായ മൂല്യങ്ങൾ ഉയർത്തിപിടിച്ചവരാണ്. മാനവികമായ ഈ നീതിബോധം നമ്മുടെ നാട്ടിലെ എത്ര എഴുത്തുകാർക്കുണ്ട്?

മനുഷ്യരെപ്പറ്റി അവബോധമുള്ള സർഗ്ഗ പ്രതിഭകൾ ഭരണകൂടഭീതിയാൽ ഉത്കണ്ഠ കുലരാണ്. മണ്ണിൽ പിറന്നുവീഴുന്ന നിഷ്ക്കളങ്കമായ കുഞ്ഞിന് പോലും അമ്പരിപ്പിക്കുന്ന ആവേശത്തോടെ ജാതിതിരിച്ച് സമൂഹത്തിൽ വിഭജനമുണ്ടാക്കുന്നതുപോലെ സാഹിത്യ രംഗത്തും വിഭജനമുണ്ടാക്കുന്നു. ഇന്നത്തെ എഴുത്തുകാരന് വിഷയ ദാരിദ്ര്യം ധാരാളമാണ്. സമൂഹത്തിൽ കൊടുമ്പിരികൊണ്ടിരിക്കുന്ന മതമൗലികവാദത്തിനെതിരെ അവർ എഴുതുന്നില്ല. മതത്തിന്റെ മറവിൽ മനുഷ്യരെ ഭിന്നിപ്പിക്കുന്നത് അവർ കാണുന്നില്ല. ജാതി മതത്തിന്റെ മറവിൽ മനുഷ്യത്വം നിർദയമായി ചവുട്ടിയരക്കപ്പെടുന്നതുപോലെ സാഹിത്യ സാംസ്കാരിക മേഖലകളിൽ സ്വാർത്ഥതാല്പര്യങ്ങൾ നിലനിർത്താൻ സർഗ്ഗധനരായ എഴുത്തുകാരെ നിർദയം ചവുട്ടിമെതിക്കരുത്. വയലാർ ജീവിത ഗന്ധിയായ കവിതകളും ഗാനങ്ങളും നൽകിയ സാമൂഹ്യപരിഷ്കർത്താവായിരുന്നു. സോഷ്യൽ മീഡിയ വന്നതോടെ കാവ്യരംഗം മലീനസമായിക്കൊണ്ടിരിക്കുന്നു. പ്രമുഖ സാഹിത്യകാരന്മാരുടെ സാഹിത്യ സംഭവനകളെ നിസ്സംഗതയോടെ കാണരുത്. വയലാറിന്റെ പേരിൽ കൊടുക്കുന്ന പുരസ്കാരം അത്യാദരവോടെ ഏറ്റുവാങ്ങുന്നവർക്ക് കടൽ നിറഞ്ഞുകവിയുന്ന സന്തോഷമുണ്ടാ കണം. വയലാർ കത്തിച്ചുവിട്ട വരികൾ സമൂഹത്തെ വിളിച്ചുണർത്തുന്നതും ബോംബ് പോലെ പൊട്ടിത്തെറിക്കുന്നതുമായിരുന്നു. വയലാർ വ്യക്തിസത്തയുടെ എട്ടും പൊട്ടുമറിയാത്തവർക്കാണോ വയലാർ അവാർഡ് കൊടുക്കുന്നത്? ഈ രംഗത്ത് ഇനിയും ദുരന്ത കഥാപാത്രങ്ങൾ ഉണ്ടാകാതെയിരിക്കട്ടെ.

Share

Previous article
കെ.സി.സി.എൻ.എ കൺവെൻഷൻ കിക്ക്ഓഫ് ചിക്കാഗോയിൽ ഉജ്വലമായി

Next article
സമൂഹത്തെ രൂപാന്തരപ്പെടുത്തുന്ന കുടുംബങ്ങൾ, ഭൂമിയിൽ ദൈവഹിതം നിറവേറ്റുന്നവർ: റവ. ടി കെ ജോൺ

Editor Nerkazhcha
https://nerkazhcha.com/

EXCEL INSTITUTE NCLEX-RN REVIEW ACLS, PALS, BLS, HEART SAVER FIRST AID TRAINING CNA 713-269-1583

RELATED ARTICLES

Editor's Pick
ചാക്കോച്ചന്റെ ചാത്തൻ സേവ (സുനിൽ വല്ലാത്തറ ഫ്ലോറിഡ)

Articles
CHRISTMAS: A GIFT OF LOVE AND LIFE! (Fr. T J. Puliyan, MSFS)

Features
ആത്മീകത ബലികഴിച്ച ഭൗതീകതയെ പുണരുന്നവർ (പി.പി ചെറിയാൻ)

LEAVE A REPLY

Log in to leave a comment

RVS INSURANCE GROUP
AUTO INSURANCE HOME INSURANCE FLOOD INSURANCE LIFE INSURANCE COMMERCIAL INSURANCE PRENEED FUNERAL INSURANCE HEALTH INSURANCE
Call us for a quote today (832) 273-0361 (832) 243-4430
Info@rvsinsgroup.com 2743 SMITH RANCH RD., UNIT 1304 PEARLAND, TX 77584
RAJESH VARGHESE OWNER/AGENT

MOST POPULAR

ഇന്ത്യ-കുവൈറ്റ് ബന്ധം സംസ്കാരങ്ങളുടെയും വാണിജ്യത്തിന്റെയും: പ്രധാനമന്ത്രി
December 21, 2024

പുതിയ പെയിന്റിംഗ്; പുതിയ സന്ദേശം
December 21, 2024

ചാര സോഫ്റ്റ്‌വെയർ ഉപയോഗിച്ച് വാട്സാപ്പ് അക്കൗണ്ടുകൾ ഹാക്ക് ചെയ്തു: ഇസ്രയേൽ ഗ്രൂപ്പ് എൻ എസ് ഒ ടെക്നോളജീസ് കുറ്റക്കാരെന്ന് ഓക് ലാൻഡ് കോടതി
December 21, 2024

കടന്ന് പോയത് ഈ വർഷത്തെ ഏറ്റവും ദൈർഘ്യം കുറഞ്ഞ പകൽ: തിരുവനന്തപുരത്ത് പകൽ 11 മണിക്കൂർ 38 മിനിറ്റ് മാത്രം
December 21, 2024

Load more

RECENT COMMENTS

EDITOR PICKS

ഇന്ത്യ-കുവൈറ്റ് ബന്ധം സംസ്കാരങ്ങളുടെയും വാണിജ്യത്തിന്റെയും: പ്രധാനമന്ത്രി
December 21, 2024

പുതിയ പെയിന്റിംഗ്; പുതിയ സന്ദേശം
December 21, 2024

ചാര സോഫ്റ്റ്‌വെയർ ഉപയോഗിച്ച് വാട്സാപ്പ് അക്കൗണ്ടുകൾ ഹാക്ക് ചെയ്തു: ഇസ്രയേൽ ഗ്രൂപ്പ് എൻ എസ് ഒ ടെക്നോളജീസ് കുറ്റക്കാരെന്ന് ഓക് ലാൻഡ് കോടതി
December 21, 2024

POPULAR POSTS

ഇന്ത്യ-കുവൈറ്റ് ബന്ധം സംസ്കാരങ്ങളുടെയും വാണിജ്യത്തിന്റെയും: പ്രധാനമന്ത്രി
December 21, 2024

പുതിയ പെയിന്റിംഗ്; പുതിയ സന്ദേശം
December 21, 2024

ചാര സോഫ്റ്റ്‌വെയർ ഉപയോഗിച്ച് വാട്സാപ്പ് അക്കൗണ്ടുകൾ ഹാക്ക് ചെയ്തു: ഇസ്രയേൽ ഗ്രൂപ്പ് എൻ എസ് ഒ ടെക്നോളജീസ് കുറ്റക്കാരെന്ന് ഓക് ലാൻഡ് കോടതി
December 21, 2024

POPULAR CATEGORY

Main Story 8917
America 8457
Kerala 5688
India 4239
World 3190
US Malayalee 1792
News 1402
Obituary 1213

നേർകാഴ്ച News @ Real Perspective

ABOUT US

Chief Editor: Simon Valacheril (Phone: 847-630-0037) Chairman: Rajesh Varghese (Phone: 832-273-0361)

Contact us: contact@nerkazhchaonline@gmail.com

FOLLOW US

2021© All rights reserved by Nerkazhcha Newspaper.